**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 234** **22-01-2021 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റി ബിൽ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി കെ അബ്ദു റബ്ബ് ,<br>ശ്രീ. പാറക്കൽ അബ്ദുല്ല | | **Shri. K. Krishnankutty**<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ലോക്ഡൗൺ കാലഘട്ടത്തിലെ ഉപയോഗം കൃത്യമായി പരിഗണിക്കാതെ വാട്ടർ അതോറിറ്റി മുൻകാല ശരാശരി ഉപയോഗവും പിഴയും ചേർത്ത് ഉയർന്ന തുകയുടെ ബില്ലുകൾ നൽകിയതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ലോക്ക് ഡൗൺ കാലയളവിൽ റീഡിംഗ് എടുക്കാൻ നിവൃത്തിയില്ലാതിരുന്നതിനാൽ മുൻകാല ശരാശരി വച്ചാണ് ബിൽ നൽകിയിരുന്നത്. ശരിയായ റീഡിംഗ് പിന്നീട് ലഭിച്ച മുറയ്ക്ക് യഥാർത്ഥ ഉപഭോഗം കണക്കാക്കി ബിൽ തുക പരിഷ്കരിച്ച് അടച്ച തുക കുറവ് ചെയ്ത് ബാക്കി ബിൽ നൽകിയിട്ടുണ്ട്. ചില ഉപഭോക്താക്കൾക്ക് ശരാശരി കണക്കാക്കിയതുമൂലം യഥാർത്ഥ ഉപയോഗം കുറവാണെങ്കിൽ കൂടി കൂടുതൽ ബിൽ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ യഥാർത്ഥ റീഡിംഗ് ലഭിച്ചപ്പോൾ തുക ക്രമീകരിച്ച് നൽകിയിട്ടുമുണ്ട്. |
| (ബി) | ലോക്ഡൗൺ കാലഘട്ടത്തിൽ ബിൽ തുക അടയ്ക്കുന്നതിന് ഇളവുകൾ നൽകിയിട്ടുണ്ടോ; | (ബി) | ലോക്ക് ഡൗൺ കാലയളവിൽ ബിൽ തുക അടയ്ക്കുന്നതിന് ലോക്ക് ഡൗൺ തീരുന്നതുവരെ സാവകാശം നൽകിയിരുന്നു. മാത്രവുമല്ല പ്രസ്തുത കാലയളവ് വരെ വെള്ളക്കരം അടയ്ക്കാതിരുന്നതിന് പിഴ ഈടാക്കിയിട്ടുമില്ല . |
| (സി) | ഇതു പാലിക്കാതെ ഉപഭോക്താക്കളിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ടോ; | (സി) | ലോക്ക് ഡൗൺ കഴിഞ്ഞതിനു ശേഷം മുൻ മാസത്തിലെ ബിൽ തുക അടയ്ക്കാതിരിക്കുന്ന പക്ഷം പിഴ ഈടാക്കിയിട്ടുണ്ട് . |
| (ഡി) | അനധികൃതമായി ഈടാക്കിയ തുക തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | അനധികൃതമായി തുക ഈടാക്കിയ വിവരം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് അവ വെള്ളക്കരയിനത്തിൽ അഡ്ജസ്റ്റ് ചെയ്യുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ